**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **06-07-2022 - ൽ മറുപടിയ്ക്ക്**

**സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ ജോലിചെയ്തുവരുന്ന മലയാളികൾക്ക് മലേഷ്യ പോലുള്ള രാജ്യങ്ങളിലെ ആളുകളെ വിവാഹം ചെയ്യുന്നതിന് ഇവിടെ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **വിദേശ പൗരൻമാരെ വിവാഹം കഴിക്കുന്നതിനായി അതതു വിദേശ രാജ്യങ്ങളിൽ ഹാജരാക്കുന്നതിനായി വിവാഹിതരല്ലെന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിക്കുന്നുണ്ട്.**<br><br>**എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം, റവന്യൂ വകുപ്പിൽ നിന്നും നല്കി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളിൽ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം ഉൾപ്പെട്ടു വരുന്നില്ല. ലാൻഡ് റവന്യൂ മാന്വൽ വാല്യം 6 ൽ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാമർശമോ നടപടി നിർദേശമോ ഇല്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിലേയ്ക്കായി** സ്വീകരിക്കേണ്ട തെളിവ് / രേഖ, അന്വേഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | അപേക്ഷകർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളേയും റവന്യൂ വിഭാഗത്തെയും സമീപിക്കുമ്പോൾ തങ്ങളുടെ സേവനങ്ങളുടെ പട്ടികയിൽ സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് ഇല്ലെന്ന കാരണം പറഞ്ഞ് സാക്ഷ്യപത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **വിദേശ പൗരൻമാരെ വിവാഹം കഴിക്കുന്നതിനായി അതതു വിദേശ രാജ്യങ്ങളിൽ ഹാജരാക്കുന്നതിനായി വിവാഹിതരല്ലെന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിക്കുന്നുണ്ട്.**<br><br>**എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം, റവന്യൂ വകുപ്പിൽ നിന്നും നല്കി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളിൽ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം ഉൾപ്പെട്ടു വരുന്നില്ല. ലാൻഡ് റവന്യൂ മാന്വൽ വാല്യം 6 ൽ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാമർശമോ നടപടി നിർദേശമോ ഇല്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിലേയ്ക്കായി** |

| | | | |
|---|---|---|---|
| | | | സ്വീകരിക്കേണ്ട തെളിവ് / രേഖ, അന്വേഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാൻ സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ചുമതല നൽകുന്ന കാര്യത്തിൽ വ്യക്തമായ ഉത്തരവ് ഇറക്കുന്ന കാര്യം പരിശോധിക്കുമോ; | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ